# നോമ്പുകാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

മത്താ 7,15-27

**"ക്രിസ്തു പഠിപ്പിക്കുന്നു, "കർത്താവേ, കർത്താവേ എന്ന്, എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എൻെറ സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗരാജ്യത്തിൽ പ്രവേശിക്കുക."**

അനീതി പ്രവർത്തിക്കുന്നവർ വ്യാജപ്രവാചകൻമാരും വ്യാജശിഷ്യൻമാരുമാണ്. കാരണം, അവരുടെ ചെയ്തികളിൽ സ്നേഹവും കരുണയും നീതിയും ഇല്ലാ!

സ്വർഗ്ഗത്തിൽ പ്രവേശിക്കാനുള്ള സൂത്രവാക്ക്യമാണ് ക്രിസ്തു വചനഭാഗത്തിലൂടെ സമ്മാനിക്കുന്നത്. ക്രിസ്തു പഠിപ്പിക്കുന്നത് "കർത്താവേ, കർത്താവേ എന്ന് മാത്രം വിളിച്ചപേക്ഷിക്കുന്നവർ സ്വർഗ്ഗത്തിൽ പോവില്ല" എന്നാണ്. മറിച്ച്, "കർത്താവേ, കർത്താവേ എന്ന് വിളിച്ചപേക്ഷിക്കുന്നതിനോടൊപ്പം സ്വർഗസ്ഥനായ പിതാവിൻെറ ഇഷ്ടം നിറവേറ്റുന്നവരാരോ അവരാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക" എന്നാണ്. ചുരുക്കത്തിൽ, അധരത്തോടൊപ്പം ഹൃദയവും, ഹൃദയത്തോടൊപ്പം അധരവും ചേർത്തു വയ്ക്കണമെന്ന് സാരം. കാരണ്, ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത്.

"നല്ല വൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്തഫലവും നൽകുന്നു. നല്ല വൃക്ഷത്തിനു ചീത്തഫലങ്ങളോ ചീത്ത വൃക്ഷത്തിനു നല്ല ഫലങ്ങളോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലെറിയപ്പെടും. അവരുടെ ഫലങ്ങളിൽനിന്നു നിങ്ങൾ അവരെ അറിയും" (മത്താ 7,16-20). ക്രിസ്തു പഠിപ്പിക്കുന്ന ദൈവരാജ്യത്തിന്റെ ദൈവശാസ്ത്രം പോലെതന്നെ മനോഹരമാണ് ക്രിസ്തു സമ്മാനിക്കുന്ന തത്ത്വശാസ്ത്രവും. ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം എന്നുള്ള ക്രിസ്തുശാസ്ത്രം എത്രയോ ലളിതവും സുന്ദരവുമാണ്. വ്യാജപ്രവാചകൻമാരെയും യഥാർഥ ശിഷ്യൻമാരെയും തിരിച്ചറിയാനുള്ള ബിംബകമാണ് ക്രിസ്തു സമ്മാനിക്കുന്നത്.

"മോനേ തോമാസ്സെ, ഓടി വാ..." എന്ന അമ്മയുടെ നിലവിളി കേട്ടാണ് അയാൾ ഉച്ച മയക്കത്തിൽ നിന്നെണീറ്റത്. ഓടിച്ചെന്ന് നോക്കുമ്പോൾ അടുക്കളയിൽ തറയിൽ വീണ് കിടക്കുന്ന പൂർണ ഗർഭിണിയായ ഭാര്യയെ മടിയിൽ കിടത്തിയിരിക്കാണ് അമ്മ..

"മോനേ, വേഗം പോയി വണ്ടി വിളിച്ച് വാ... പെട്ടെന്ന് ആശുപത്രിയിൽ കൊണ്ട് പോവണം. മേരിക്ക് നല്ല വേദനയുണ്ട്."

അയാൾ ഒരു ഷർട്ട് എടുത്തിട്ട് വെപ്രാളപ്പെട്ട് റോഡിലേക്ക് ഓടി. പല വണ്ടികൾക്കും കൈ കാണിച്ചു. എല്ലാവരും തിരക്ക് പിടിച്ച ഓട്ടത്തിലാണ്. അകലെ നിന്ന് തോമാസ്സിന്റെ സഹപ്രവർത്തകനും പാർട്ടി മെമ്പറുമായ നാസറിന്റെ കാർ വരുന്നത് കണ്ടപ്പോൾ അയാൾക്കാശ്വാസമായി. അയാൾ പ്രതീക്ഷയോടെ കൈ കാണിച്ചു. കാർ നിർത്തി.

"എന്താ തോമാസ്സെ?"

"ഭാര്യക്ക് തീരെ വയ്യ. പെട്ടെന്ന് ഹോസ്പിറ്റലിൽ എത്തിക്കണം..."

"അയ്യോ തോമാസ്സെ, ഞങ്ങൾ ടൗണിൽ പാർട്ടിയുടെ ഇലക്ഷൻ പ്രചരണ പരിപാടിക്ക് പോവാണല്ലോ. ഇപ്പം തന്നെ ലേറ്റ് ആയി. മുഖ്യഅഥിതിയായി മന്ത്രിയും വരുന്നുണ്ട്. ഇലക്ഷൻ അടുത്ത് വരികയല്ലേ." അയാൾ കാർ മുന്നോട്ട് എടുക്കുമ്പോ

കാറിന്റെ പിറകിലിരിക്കുന്നയാൾ ഗ്ലാസ് താഴ്ത്തി ഇതും കൂടി പറഞ്ഞു. "ഭാര്യയെ ഹോസ്പിറ്റലി ലാക്കി നീയും പെട്ടെന്ന് പരിപാടിക്ക് വരണം!"

സങ്കടമാണോ ദേഷ്യമാണോ എന്നറിയാതെ അയാൾ ആ കാർ തന്നെയും കടന്ന് പോകുന്നത് നോക്കി നിന്നു. വിവാഹം കഴിഞ്ഞ് 10 വർഷത്തെ കാത്തിരിപ്പിനും, പ്രാർത്ഥനക്കും, ചികിത്സക്കും ശേഷമാണ് മേരി ഗർഭിണിയായത്. അത് കൊണ്ട് തന്നെ കഴിഞ്ഞ ഒൻപത് മാസമായി വളരെ ശ്രദ്ധയോടെയാണ് അവളെ ഡോക്റ്ററും വീട്ടുകാരും പരിചരിച്ചിരുന്നത്. പിന്നെയും കുറെ വാഹനനങ്ങൾക്ക് അയാൾ കൈകാണിച്ചു. പരിചയമുള്ള പലരെയും ഫോണിൽ വിളിച്ച് നോക്കി. ആരെയും കിട്ടിയില്ല. അപ്പോഴാണ് സഹപാഠിയും ടാക്സി ഡ്രൈവറുമായ രാജീവന്റെ കാർ വരുന്നത് കണ്ടത്. പക്ഷെ ആ കാറിന് കൈ കാണിക്കാൻ അയാൾക്ക് തോന്നിയില്ല .

കാരണം, കഴിഞ്ഞ മാസം പാർട്ടി നടത്തിയ ഹർത്താൽ ദിനത്തിൽ സുഖമില്ലാത്ത അമ്മയേയും കൊണ്ട് ഹോസ്പിറ്റലിൽ പോവുകയായിരുന്ന രാജീവൻറെ കാർ തടഞ്ഞ് നിർത്തി ചില്ലുകൾ അടിച്ച് തകർത്ത പാർട്ടി പ്രവർത്തകരിൽ അയാളും ഉണ്ടായിരുന്നു.!!

അയാൾ കൈ കാണിക്കാതെ മാറി നിന്നെങ്കിലും രാജീവൻ! വണ്ടി നിർത്തി ചോദിച്ചു.

"എന്താ തോമാസ്സെ വല്ലാതെ ഇരിക്കുന്നത്?"

"ഭാര്യക്ക് തീരെ വയ്യ. പെട്ടെന്ന് ഹോസ്പിറ്റലിൽ എത്തിക്കണം..."

"എന്നാ നീ വേഗം കയറ്. ഞാൻ എയർപോട്ടിൽ നമ്മുടെ അബ്ബാസിനെ കൂട്ടാൻ പോവുന്ന വഴിയാ. സാരമില്ല അവൻ വിളിക്കുമ്പോ ഞാൻ പറഞ്ഞോളാം. അവൻ കാത്തിരുന്നോളും..."

രാജീവന്റെ ആ നല്ല മനസ്സിന് രണ്ട് തുള്ളി കണ്ണുനീര് കൊണ്ടാണ് അയാൾ നന്ദി പറഞ്ഞത്. വീട്ടിൽ ചെന്ന് ഭാര്യയെ താങ്ങിപ്പിടിച്ച് കാറിൽ കിടത്തി. അവരുടെ കാർ ഹൈവേയിലൂടെ ചീറിപ്പാഞ്ഞു. ആശുപത്രിയിലെത്തിയ അവരെ നേരെ ഓപ്പറേഷൻ തീയറ്ററിലേക്കാണ് മേരിയെ കൊണ്ട് പോയത്. അയാൾ സമാധാനം ഇല്ലാതെ ആശുപത്രി വരാന്തയിൽ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നുണ്ടായിരുന്നു. ഒരു മണിക്കൂറിന് ശേഷം ഡോക്റ്റർ പുറത്തേക്ക് വന്നു.

"ഡോക്റ്റർ എൻറെ പെണ്ണ്.. എൻറെ കുഞ്ഞ്?"

"പെണ്ണിന് ഒരു കുഴപ്പവും ഇല്ല, സുഖമായിരിക്കുന്നു. പക്ഷെ കുഞ്ഞ്... നിങ്ങളൊരു പത്ത് മിനിറ്റ് മുമ്പ് എത്തിച്ചിരുന്നെങ്കിൽ...

രണ്ട് ചോദ്യങ്ങൾ കഥാകൃത്ത് ഇവിടെ അവശേഷിപ്പിക്കുന്നു;

1. ദൈവത്തിന്റെ ഹിതം തിരിച്ചറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥ പ്രവാചകരെങ്കിൽ ആരാണ് ഈ കഥയിലെ യഥാർത്ഥ ശിഷ്യൻ?

2. സത്യമെന്തെന്ന് തിരിച്ചറിഞ്ഞിട്ടും അതനുസരിച്ച് പ്രവർത്തിക്കാത്തവർ കള്ള പ്രവാചകൻമാരാണെങ്കിൽ ആരാണ് ഈ കഥയിലെ കള്ളപ്രവാചകൻ?

യഥാർത്ഥ പ്രവാചകനെയും കള്ളപ്രവാചകനെയും, യഥാർത്ഥ ശിഷ്യനെയും കള്ള ശിഷ്യനെയും തിരിച്ചറിയാൻ ഫലത്തിൽ നിന്ന് വൃക്ഷത്തെ തിരിച്ചറിയാം എന്ന് ക്രിസ്തു പഠിപ്പിക്കുമ്പോൾ ദിവ്യകരുണ്യത്തിന്റെ വെളിച്ചത്തിൽ നാം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു, "നാം യഥാർത്ഥ ശിഷ്യനാണോ അതോ കള്ള ശിഷ്യനാണോ"എന്ന്. ഫലത്തിൽ നിന്നാണ് വൃക്ഷത്തെ തിരിച്ചറിയുന്നതെങ്കിൽ നമ്മുടെ ശിഷ്യത്വം അളക്കുന്നത് നമ്മുടെ പ്രവർത്തികളിൽ നിന്നാണ്. നാം നന്മ ചെയ്യുന്നവരാണെങ്കിൽ, നന്മയോട് ചേർന്ന് നിൽക്കുന്നവരാണെങ്കിൽ നാം യഥാർത്ഥ ശിഷ്യരാണ്. അല്ലെങ്കിൽ, ഇനിയും ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേയ്ക്ക് നാം വളരേണ്ടിയിരിക്കുന്നു.

നമ്മുടെ ചെയ്തികളിലേയ്ക്ക് ഒന്നു കണ്ണോടിക്കുക. യഥാർത്ഥ ക്രിസ്തുശിഷ്യ

വിശ്വാസജീവിതത്തിന്റെ
ലക്ഷ്യം
ഫലം സമ്മാനിക്കുക
എന്നതാണെങ്കിൽ
വിശ്വാസത്തെ
അളക്കാനുമുള്ള
അളവുകോലും
ഇതുതന്നെയാണ്.
എന്തുമാത്രം
ഫലം സമ്മാനിക്കുന്നുണ്ട്?

ത്വത്തിൽ നിന്ന് തെന്നി മാറി, പലപ്പോഴും, മറ്റുള്ളവരുടെ മുമ്പിൽ ആളാകാനും, പത്രത്തിൽ പടം വരാനുമായി എന്തെല്ലാം തത്രപാടുകളാണ് നാം ചെയ്തു കൂട്ടുന്നത്. യഥാർത്ഥ ശിഷ്യന്റെ മുഖച്ചായയെ പണയം വച്ച് മറ്റുള്ളവന്റെ കണ്ണിൽ വലിയ ആളാകാനുള്ള തത്രപാട് കാണിച്ച് തരുന്നത് യഥാർത്ഥ ശിഷ്യത്വത്തിൽ നിന്നുള്ള തെന്നി മാറലാണ്.

കുർബാനയ്ക്ക് ശേഷം അച്ചൻ അടിയന്തരമായി പൊതുയോഗം വിളിച്ചു. മുപ്പത്തിരണ്ട് ലക്ഷം രൂപ പള്ളിക്ക് കടം. പരിഹാരം കണ്ടേ മതിയാവൂ... ശക്തമായ പ്രസംഗം നടത്തി. ചിലർ രണ്ടും മൂന്നും ലക്ഷം രൂപ ഉടൻ തന്നെ ഓഫർചെയ്തു. ഉടൻ തന്നെ ജുബ്ബെക്ക് രണ്ട് ബട്ടൻ കുറവുള്ള ബേബിച്ചായൻ ചാടി എഴുന്നേറ്റു, "അച്ചോ എത്ര രൂപയാ ഇനി ആവിശ്യം?"

ഇരുപതു ലക്ഷത്തിൻറെ കുറവുണ്ട് ബേബിചായാ.

"അച്ചൻ ഇങ്ങനെ കിടന്നു തെണ്ടണ്ട. ഞാൻ തന്നോളാം." ഡ്രൈവറെ വിളിച്ചു വണ്ടിയിൽ നിന്ന് ചെക്ക് എടുത്തു എഴുതി കൈയിൽ കൊടുത്തു. എല്ലാവരും കൈ അടിച്ചു... പലരും വന്നു അനുമോദിച്ചു.

അച്ചൻ ഉറക്കെചോദിച്ചു; "ബെന്നിയുടെ ഭാര്യ അമ്മിണി വന്നിട്ടുണ്ടോ പള്ളിയിൽ?" ഉണ്ടെന്നു മറുപടി കിട്ടി. "മുൻപോട്ടു വരിക. അമ്മിണി കുട്ടികളേം കൂട്ടി വന്നു. ബേബിച്ചായൻ കൊടുത്ത ചെക്ക് അമ്മിണിക്ക് നൽകികൊണ്ട്, "മോളെ ഇത് കൊണ്ട് പൊയ് ബാങ്കിൽ അടക്കൂ..."

ഒഴുകി വന്ന കണ്ണുനീർ തുടച്ചു കൊണ്ട് അവൾ ആ ചെക്ക് വാങ്ങി രണ്ടോ മൂന്നോ ആയി വലിച്ചു കീറി നിലത്തെറിഞ്ഞു. അലറി കരഞ്ഞു കൊണ്ട് അവൾ പള്ളിക്ക് പുറത്തേക്ക് പോയി. അപ്പോഴും ആരും ഒന്നും മിണ്ടുന്നില്ല... എല്ലാവരും അമ്പരപ്പോടെ ഇതെല്ലാം നോക്കി നിന്നു.

അഞ്ചു ദിവസം മുൻപ് ബെന്നി ആത്മഹത്യ ചെയ്തു. ഭാര്യ അമ്മിണി... രണ്ട് കൊച്ചുകുട്ടികൾ... വീട് പണിയാൻ ബാങ്കിൽ നിന്ന്എടുത്ത ലോൺ അടക്കാൻ മാർഗമില്ലാതെ വന്നപ്പോൾ ജപ്തി ഉണ്ടായി... സർക്കാർ വീടും പറമ്പും സീൽ ചെയ്തു... വാടക വീട്ടിലേക്കു മാറി രണ്ടാം ദിവസം അവൻ തൂങ്ങി മരിച്ചു...

കടം പെരുകി മനസു തകർന്നു നിന്നപ്പോൾ പലരുടെയും കാലു പിടിച്ചു നോക്കി... അതിൽ ഒരാൾ ആയിരുന്നു സ്വന്തം കൂടപിറപ്പ് ആയ ബേബിച്ചായൻ. പത്തോളം തവണ ഈകാര്യം പറഞ്ഞു കൊണ്ട് ബെന്നി സ്വന്തം ചേട്ടൻറെ കൊട്ടാരം പോലെ ഉള്ള വീട്ടിൽ കയറി ഇറങ്ങി. അപ്പോഴൊക്കെ പരിഹസിച്ചും, ഇല്ലായ്മ പറഞ്ഞും തന്ത്ര പൂർവ്വം അയാൾ ഒഴിഞ്ഞു മാറി... അന്തര ഫലം രണ്ട് കുഞ്ഞുങ്ങളും ഒരമ്മയും അനാഥരായി...

ഇത്തരക്കാരോട് ക്രിസ്തുവിന് പറയാനുള്ളത് ഒന്നുമാത്രമായിരിക്കും, "അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ..." (മത്താ 7,23) ദൈവരാജ്യം പത്രത്തിൽ പടം വരാനോ മറ്റുള്ളവർക്ക് മുമ്പിൽ ആളാകാനോ പ്രവർത്തിക്കുന്നവർക്കല്ല. ഇവർക്കുള്ള സ്ഥാനം അനീതി പ്രവർത്തിക്കുന്നവരുടെ കൂടെയാണ്. അവർക്കുള്ള ഇടമല്ല സ്വർഗ്ഗരാജ്യം. മറിച്ച്, യഥാർത്ഥ ശിഷ്യനെപ്പോലെ നന്മ ചെയ്യുന്നവർക്കാണ്.

"മനുഷ്യൻ
കാണുന്നതല്ല
കർത്താവ് കാണുന്നത്.
മനുഷ്യൻ
ബാഹ്യരൂപത്തിൽ
ശ്രദ്ധിക്കുന്നു;
കർത്താവാകട്ടെ
ഹൃദയഭാവത്തിലും"
1സാമു 16,7

***"ഈ ചെറിയവരിൽ ഒരുവന്, ശിഷ്യന് എന്ന നിലയിൽ***
***ഒരു പാത്രം വെള്ളമെങ്കിലും കൊടുക്കുന്നവനു പ്രതിഫലം ലഭിക്കാതിരിക്കുകയില്ല"***
മത്താ 10,42

ഫാ. ജോബി മേനോത്ത് : +91 944 7777 931